പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1600

01-11-2019-ൽ മറുപടിക്ക്

## സഹസ്ര സരോവർ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൃഷി വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന സഹസ്ര സരോവർ പദ്ധതിയിൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന ക്രമത്തിൽ 1000 ചിറകൾ സംരക്ഷിക്കുക എന്ന ദൗത്യം വഴി അടഞ്ഞ ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുകയും തദ്വാര കുടിവെള്ളവും കാർഷികാവശ്യത്തിനുള്ള ജലസേചനവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി കൃഷി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കി വരുന്ന ഒരു ബൃഹത് പദ്ധതിയാണ് സഹസ്ര സരോവർ. |
| (ബി) | സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ ഏതെങ്കിലും പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | സഹസ്ര സരോവർ പദ്ധതി പ്രകാരം നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ തൂമ്പോട് ക്ഷേത്രക്കുളത്തിന്റെ നവീകരണത്തിനായി 60.5 ലക്ഷം രൂപയുടെ DPR തയ്യാറാക്കി RKVY 2019-20 ൽ ഉൾപ്പെടുത്തുന്നതിന് പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നെങ്കിലും ആയതിന് ഭരണാനുമതി നൽകിയിട്ടില്ല. |

Ferry Tom

സെക്ഷൻ ഓഫീസർ